## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2740 — 19/12/2012-ൽ മറുപടിക്ക്

## ട്രെയിനിംഗ് സെന്ററുകളുടെ നവീകരണം

ചോദ്യം — മറുപടി

ശ്രീ.കെ.മുരളീധരൻ :
ശ്രീ. പാലോട് രവി
ശ്രീ. വി.ഡി.സതീശൻ
ശ്രീ. കെ.ശിവദാസൻ നായർ

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ട്രെയിനിംഗ് സെന്ററുകൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) | 1. ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ടെയിലറിംഗ് സ്കൂളിലേയും തിരുവനന്തപുരം ജില്ലയിലെ ഞാറനീലി മോഡൽ വെൽഫയർ ട്രെയിനിംഗ് സെന്ററിലേയും, നിലവിലുണ്ടായിരുന്ന ടെയിലറിംഗ് എംബ്രോയ്ഡറി നീഡിൽവർക്ക് എന്ന കോഴ്സ് പരിഷ്ക്കരിച്ച് 'ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി' എന്ന നവീന കോഴ്സ് ആരംഭിച്ചു.<br>2. വ്യാവസായിക പരിശീലന വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ലാബുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>3. നിലവിലുള്ള പരിശീലന കേന്ദ്ര-ങ്ങളെ പരിഷ്ക്കരിച്ച് മോഡൽ റസിഡൻഷ്യൽ ഐ.റ്റി.ഐ.കൾ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയനാട് സുഗന്ധഗിരിയിൽ മോഡൽ റസിഡൻഷ്യൽ ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുവാൻ കല്പറ്റ ഐ.റ്റി.ഡി.പ്രോജക്റ്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എന്ത് പരിശീലനമാണ് ഈ സെന്ററുകൾവഴി നൽകിവരുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 1. ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി (FDGT) എന്ന കോഴ്സ് രണ്ട് സ്ഥാപനങ്ങളിൽ നൽകി വരുന്നു.<br>2. പന്ത്രണ്ട് സ്ഥാപനങ്ങളിൽ തയ്യൽ പരിശീലനം നൽകി വരുന്നു.<br>3. ഇടുക്കി പുത്തേടത്തും, തിരുവനന്തപുരത്ത് കുട്ടമലയിലും പ്രവർത്തിക്കുന്ന ഐ.റ്റി.സി.കൾ ഇലക്ട്രീഷ്യൻ/കാർപ്പെന്ററി കോഴ്സുകളിലും പരിശീലനം നൽകുന്നു. 2013-14 മുതൽ ഇടുക്കിയിൽ പുത്തേടത്തുള്ള ഐ.റ്റി.സി.യിൽ പ്ലംബിംഗ് കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | നിലവിലുള്ള പരിശീലന കേന്ദ്രങ്ങളെ മോഡൽ റസിഡൻഷ്യൽ ITI കൾ ആക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തി വരുന്നു. |
| (ഡി) | ഈ ട്രെയിനിംഗ് സെന്ററുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | തിരുവനന്തപുരം ജില്ലയിലെ ഞാറനീലിയിലെ പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ശുദ്ധജലം, ബാത്ത് റൂം, ചുറ്റുമതിൽ, കെട്ടിട അറ്റകുറ്റപ്പണി എന്നിവക്കായി 2,60,000 രൂപയുടെ പ്രവർത്തികൾ ചെയ്യുകയുണ്ടായി. കൂടാതെ രണ്ട് കമ്പ്യൂട്ടറുകളും സ്ഥാപിച്ചിട്ടുണ്ട്. ITC കുട്ടമലയിൽ (തിരുവനന്തപുരം) കാർപ്പന്റി വർക്ക്ഷോപ്പിനായി 40,000/-രൂപയും, ഇലക്ട്രിക്കൽ വർക്ക്ഷോപ്പിനായി 1,00,000/- രൂപയും ചെലവഴിച്ചു. വയനാട് മുത്തങ്ങയിൽ പ്രവർത്തിക്കുന്ന മാതൃകാ പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2,60,000/- രൂപ ചെലവഴിക്കുകയും, കുടിവെള്ളം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായും, ചുറ്റുമതിൽ കെട്ടുന്നതിന് സ്ഥലം അളന്ന് തിരിക്കുവാൻ |

| | | | |
|---|---|---|---|
| | | | വനം വകുപ്പുമായും, വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് വൈദ്യുതി ബോർഡുമായും ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന ITC യിൽ പരിശീലനത്തിനാവശ്യമായ യന്ത്രങ്ങൾ പൂർണ്ണമായും സജ്ജീകരിച്ചിട്ടുണ്ട്. വാഴത്തോപ്പ് ടെയിലറിംഗ് പരിശീലന കേന്ദ്രത്തിൽ ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി കോഴ്സിന്റെ ഭാഗമായുള്ള ആധുനിക വൽക്കരണത്തിനായി രണ്ടു കമ്പ്യൂട്ടറുകളും പ്രിന്ററും അസംസ്കൃത സാധനങ്ങളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. ഇതിനായി 84,524 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരത്തെയും ഇടുക്കിയിലെയും ഐ.റ്റി.സി.കളിൽ ടെലഫോണും ഇന്റർനെറ്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ